പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *23 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സമ്പുഷ്ടകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എം. നൗഷാദ്**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീമതി. യു. പ്രതിഭ**<br>**ശ്രീ. കെ. വി. വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>0-6 വയസ്സുവരെയുള്ള കുട്ടികളിലെ stunting 6% ആയി കുറയ്ക്കുക, 6-59 മാസം പ്രായമുള്ള കുട്ടികളിലെ വിളർച്ച 9% കുറയ്ക്കുക, 15-49 വയസ്സുവരെയുള്ള സ്ത്രീകളിലെ വിളർച്ച 9% കുറയ്ക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (സമ്പുഷ്ട കേരളം) എന്ന ഒരു പുതിയ കേന്ദ്രപദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ സമഗ്രവികസനത്തിനായുള്ള സംയോജിത ശിശു വികസന പദ്ധതി, ജനനം മുതൽ 5 വയസ്സുവരെയുള്ള ഓരോ കുഞ്ഞിന്റെയും പോഷകാഹാര നില, പ്രായത്തിനനുസരിച്ചുള്ള തൂക്കം, ഉയരം എന്നീ സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുകയും ചെയ്യുന്ന രണ്ടു സോഫ്റ്റ് വെയറുകളായ ജാതക്-ജനനി പദ്ധതി, സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പ്രധാനമന്ത്രി മാതൃ വന്ദനയോജന പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ബി) ഇതിനായി സമ്പുഷ്ടകേരളം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുകയെന്നും വ്യക്തമാക്കാമോ; | (സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നു.<br>1) Stunting (0-6 വയസ്സ്) - 6% കുറയ്ക്കുക<br>2) ഭാരക്കുറവ് (0-6 വയസ്സ്) - 6% കുറയ്ക്കുക<br>3) വിളർച്ച (6-59 മാസം) - 6% കുറയ്ക്കുക<br>4) വിളർച്ച (സ്ത്രീകളിലും കൗമാര പ്രായക്കാരായ പെൺകുട്ടികളിലും) 15-49 വയസ്സ് - 9% കുറയ്ക്കുക<br>5) Low Birth weight - 6% കുറയ്ക്കുക<br>ഇതോടൊപ്പം സമ്പൂർണ്ണ മുലയൂട്ടലിന്റെ നിരക്ക് വർദ്ധിപ്പിക്കുക, അമിതവണ്ണം കുറയ്ക്കുക എന്നിവ കൂടി സമ്പുഷ്ട കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആദ്യം നടപ്പിലാക്കുന്നത്. |
| (ഡി) ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ നടത്തിപ്പിനും ഏകോപനത്തിനുമായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ? | (ഡി) ചുവടെപ്പറയുന്ന വകുപ്പുകളുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>1. വനിത ശിശു വികസന വകുപ്പ്<br>2. തദ്ദേശ സ്വയംഭരണ വകുപ്പ്<br>3. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ്<br>4. പൊതു വിദ്യാഭ്യാസ വകുപ്പ്<br>5. പട്ടിക ജാതി വകുപ്പ്<br>6. പട്ടിക വർഗ്ഗ വകുപ്പ്<br>7. ആയുഷ് വകുപ്പ്<br>8. ജല വകുപ്പ്<br>9. കൃഷി വകുപ്പ്<br>10. മൃഗ സംരക്ഷണ വകുപ്പ്<br>11. കുടുംബശ്രീ<br>12. ആരോഗ്യ വകുപ്പ്<br>13. പഞ്ചായത്ത് വകുപ്പ്<br>14. നഗരകാര്യ വകുപ്പ്<br>15. ഡയറി ഡവലപ്പ്മെന്റ് വകുപ്പ്<br>16. ശുചിത്വ മിഷൻ<br>17. ജലനിധി<br>സംയോജിത ശിശു വികസന പദ്ധതികൾ (ICDS), |

| | |
|---|---|
| | പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY), കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG), ജനനി സുരക്ഷ യോജന (JSY), ദേശീയ ആരോഗ്യമിഷൻ (NHM), ശുചിത്വ മിഷൻ, കുടിവെള്ളം, പൊതുവിതരണ സംവിധാനം (PDS) എന്നീ പദ്ധതികൾ ഏകോപിപ്പിക്കുവാൻ സംസ്ഥാന തലത്തിൽ Mission Monitoring & Co-ordination Committee (MMCC) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനിലെ വാർഡ് തലത്തിലുള്ള Village Health Sanitation & Nutrition Committee കൾ വഴി മുകളിൽ പരാമർശിച്ച വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ